**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 192** **23-08-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ജില്ലാ ആശുപത്രിയിലെ പേവാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ട്രോമാകെയർ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ജി.ഒ (ആർ.റ്റി) നം. 1793/2020/ആ.കു.വ തീയതി 06.10.2020 എന്ന ഉത്തരവ് പ്രകാരം 2,19,11,141 രൂപയുടെ ഉപകരണങ്ങൾക്ക് ഭരണാനുമതി നൽകിയിരുന്നു. Splint for immobiilisation, Cervical Collars (Hard & Soft), Scoop Stretcher, Spine board, Bougle, Crash cart trauma, CPR Machine, ICD insertion set, Central Venous Catheter insertion set, suction set, Catheter tubes, ET tubes, suction tubes, infant feeding tubes of various size എന്നിവ ഒഴികെ ബാക്കിയുള്ളവ ലഭ്യമാക്കിയിട്ടുള്ളതും അവ ഉപയോഗിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. കോവിഡ് മഹാമാരിയോടനുബന്ധിച്ച് മറ്റ് യൂണിറ്റുകളിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ചതു കൊണ്ട് അത്യാഹിത വിഭാഗത്തിൽ ആദ്യം നൽകിയ എസ്റ്റിമേറ്റ് (BOQ) മാറ്റം വരുത്തേണ്ടി വന്നു. റിവൈസ് ചെയ്ത BOQ 17.05.2022 ന് കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തി നാളിതുവരെ തുടങ്ങിയിട്ടില്ല. ICU ventilater with Air compressor – 2, Portable Ventilator – 3 എന്നിവ ഇതു വരെ ലഭ്യമായിട്ടില്ലാത്തതിനാൽ ട്രോമ കെയർ സംവിധാനം പൂർണ്ണതോതിൽ സജ്ജീകരിച്ചിട്ടില്ല. |
| (ബി) | മാവേലിക്കര ജില്ലാ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പേവാർഡിന് പകരമായി പുതിയ പേവാർഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. മാവേലിക്കര ജില്ലാ ആശുപത്രി കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന 1979 ൽ സ്ഥാപിതമായ കെ.എച്ച്.ആർ.ഡബ്ല്യൂ. എസ് പേവാർഡ് 2015 ൽ ആണ് അവസാനമായി അറ്റകുറ്റപ്പണികൾ ചെയ്തിരുന്നത്. കാലപ്പഴക്കം ചെന്ന പ്രസ്തുത പേവാർഡിന്റെ പുനരുദ്ധാരണത്തിനായി സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതിനായി വിദഗ്ധരുടെ പരിശോധനയ്ക്കും റിപ്പോർട്ടിനു മായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് (സിവിൽ വിഭാഗം)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ലഭിച്ചതിനുശേഷം ടി പേവാർഡിന്റെ അറ്റകുറ്റപ്പണികൾ സ്വീകരിക്കുകയോ, പുതുക്കിപണിയുകയോ ചെയ്യുന്നത് സംബ ന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാ ണ്. |

സെക്ഷൻ ഓഫീസർ